# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*


No.32/PR/PIC/PHQ/18                                        Date : 16.02.2018

---

**പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന് വിദേശത്തുള്ളവർക്ക് ഇ മെയിൽ വഴി അപേക്ഷിക്കാം**

പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നവർ ഇപ്പോൾ വിദേശത്താണ് താമസിക്കുന്നതെങ്കിൽ അവർക്ക് ഇ മെയിൽ വഴി അപേക്ഷ നൽകാവുന്നതാണ്. ഇതിനായി കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റ് (www.keralapolice.gov.in) – ൽ നിന്നും അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ബന്ധപ്പെട്ട എസ്.എച്ച്.ഒ. ക്ക് ആവശ്യമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുന്നതിന് നാട്ടിലുള്ള ഏതെങ്കിലും വ്യക്തിയെ / ബന്ധുവിനെ അധികാരപ്പെടുത്തിയ കത്തും ഉൾപ്പെടെ ഇ–മെയിലായി അപേക്ഷിക്കാം. കേരള പോലീസിന്റെ വെബ്സൈറ്റിലും കേരള പോലീസിന്റെ *രക്ഷ* എന്ന മൊബൈൽ ആപ്പിലും പോലീസ് സ്റ്റേഷനുകളുടെ ഇ–മെയിൽ വിലാസം ലഭ്യമാണ്. ആവശ്യമായ പരിശോധനകൾക്കുശേഷം എസ്.എച്ച്.ഒ. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അപേക്ഷകൻ അധികാരപ്പെടുത്തിയ വ്യക്തിക്കു നല്കുന്നതാണ്. അപേക്ഷകൻ അധികാരപ്പെടുത്തുന്ന വ്യക്തിയുടെ തിരിച്ചറിയൽ രേഖകൾ ഏറ്റുവാങ്ങുന്ന സമയത്ത് തിരിച്ചറിയുന്നതിനായി ഹാജരാക്കണം. ഓൺലൈനായി അപേക്ഷിക്കുന്നവർക്ക് ഫോട്ടോ പതിക്കാത്ത പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആയിരിക്കും ലഭിക്കുക.

അപേക്ഷകന് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമെങ്കിൽ ഇ–മെയിലായും അയച്ചുനൽകും. ഇതിനായി ആവശ്യപ്പെട്ടാൽ എസ്.എച്ച്.ഒ. യുടെ ഒപ്പോടുകൂടിയ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ പി.ഡി.എഫ്. കോപ്പി അപേക്ഷകന്റെ ഇ–മെയിലിലേക്ക് എസ്.എച്ച്.ഒ. യുടെ മെയിലിൽ നിന്നും അയച്ചുനൽകേണ്ടതാണ്. അപേക്ഷാ ഫീസ് നാട്ടിലുള്ള എതെങ്കിലും വ്യക്തി മുഖാന്തിരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അടയ്ക്കാവുന്നതാണ്.

പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അപേക്ഷയോടൊപ്പം ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്ത് ആവശ്യത്തിനാണെന്നതിനുള്ള രേഖ ലഭ്യമാണെങ്കിൽ ഹാജരാക്കിയാൽ മതിയെന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

******